## വനിതാവികസനം

1996 പഞ്ചവത്സരപദ്ധതി നടപ്പിലാക്കുമ്പോൾ പ്രസ്തുത മേഖലയിലെ അവസ്ഥ

അടാട്ട് ഗ്രാമപഞ്ചായത്തിൽ സ്വന്തമായി അംഗൻവാടി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനാവശ്യമായ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിരുന്നില്ല. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരെ കൂടി ഉൾപ്പെടുത്തി പദ്ധതികൾ ഉണ്ടായിരുന്നില്ല. വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതികൾ ഉണ്ടായിരുന്നില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കി കഴിഞ്ഞപ്പോൾ ഈ മേഖലയിൽ വന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടു ഗ്രാമ പഞ്ചായത്തിൽ ഒരു അംഗൻവാടിക്കൊഴികെ എല്ലാം സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഭൗതികസാഹചര്യങ്ങൾ, കുടിവെള്ളം, ഇലക്ട്രിക് കണക്ഷൻ, ചുറ്റുമതിൽ എന്നിവയിലൊക്കെ ഒരുപാട് വ്യത്യാസങ്ങൾ വന്നു. സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ നിലവാരം മെച്ചപ്പെട്ടു ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ നിലവാരം മെച്ചപ്പെട്ടു വയോജനങ്ങൾ, കൗമാരപ്രായക്കാരായ കുട്ടികൾ എന്നിവർക്ക് വേണ്ടി വിവിധ പദ്ധതികൾ നിലവിൽവന്നു നൂതന പദ്ധതികൾ, ആശ്വാസകിരണം പോലുള്ള കിടപ്പുരോഗികൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കി.

പതിനാലാം പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കേണ്ട പ്രധാന പദ്ധതികൾ

സെന്റർ 26 അംഗൻവാടി കെട്ടിടം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.ആയതിന് സ്വന്തമായി സ്ഥലം/കെട്ടിടംവേണം എല്ലാ അംഗൻവാടികളും കൂടുതൽ ശിശു സൗഹൃദമാക്കണം .കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ശിശുസൗഹൃദ ടോയ്‌ലറ്റ്, പെയിൻറിംഗ് എന്നിവ നടത്തണം അംഗൻവാടികുട്ടികളുടെ ഭക്ഷണം നല്ല രീതിയിൽ മാറ്റണം/ കൂടുതൽ ഫണ്ട് അനുവദിക്കണം അംഗൻവാടികളുടെ മെയിൻറനൻസ് വളരെ ശോചനീയമായാണ് നടക്കുന്നത്. അത്

കൃത്യതയോടെ ചെയ്യണം വയോജനങ്ങൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ഉന്നമനം നിലനിർത്തി നൂതന പദ്ധതികൾ ആസൂത്രണം ചെയ്യണം. വയോജനങ്ങൾക്ക് കട്ടിൽ എന്നതിന് പകരം നൂതന പദ്ധതികൾ അവരുടെ ഉന്നമനം മുൻനിർത്തി ആവിഷ്ക്കരിക്കേണ്ടതാണ്. വയോജന കൂട്ടായ്മകൾ ശാക്തീകരിക്കണം കോക്ലിയർ ഉപകരണ വിതരണം, മെയിന്റനൻസ് സംബന്ധിച്ച് പദ്ധതികൾ ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ്/ഭിന്നശേഷി കലോത്സവം വായോജനസംഗമം ജാഗ്രതാസമിതി ശക്തിപ്പെടുത്തണം.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

അടാട്ട് ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008-2009 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2008 2009 വർഷത്തിൽ വിലങ്ങൻകുന്നിൽ 600 ഓളം നാട്ടുമാവിൻ തൈകൾ നട്ടുപിടിപ്പിച്ചാണ് പദ്ധതി ആരംഭിച്ചത്. ഓരോ വർഷവും പുതിയ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് മുന്നേറുകയുണ്ടായി. ജലസേചന തോടുകൾ വൃത്തിയാക്കി കാർഷിക മേഖലയിൽ വലിയൊരു മാറ്റം തന്നെ വരുത്താൻ സാധിച്ചു. മണ്ണ് ജലസംരക്ഷത്തിന്റെ ഭാഗമായി ബണ്ടുകളിലും വിലങ്ങൻ കുന്നിലും തോടുകളുടെ വശങ്ങളിലും കുന്നിൻ ചെരിവുകളിലും രാമച്ചം വെച്ചുപിടിപ്പിച്ചു.

| സാമ്പത്തിക വർഷം | രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | തുടങ്ങിയ പ്രവർത്തികളുടെ എണ്ണം | തൊഴിൽ ദിനങ്ങളുടെ എണ്ണം | 100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച തൊഴിലാളികളുടെ എണ്ണം | ആകെ ചെലവ് ( തുക ലക്ഷത്തിൽ ) |
|---|---|---|---|---|---|
| 2018-19 | 89 | 261 | 43126 | 260 | 171.88 |
| 2019-20 | 104 | 134 | 37129 | 219 | 142.54 |
| 2020-21 | 216 | 117 | 41250 | 236 | 192.03 |
| 2021-22 | 123 | 184 | 40045 | 238 | 155.54 |








ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂ വസ്ത്രം

സ്വകാര്യ ഭൂമിയിലെ ഇടപെടലുകളിലൂടെ ചെറുകിട നാമമാത്ര കർഷകരെ ഒരു പരിധി വരെ സഹായിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ വ്യാപകമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

മത്സ്യക്കുളം, പച്ചക്കറി കൃഷി, വൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ, ബിപിഎൽ എസ് സി ഭൂമിയിൽ തീറ്റപ്പുൽ വെച്ചുപിടിപ്പിക്കൽ, ആട്ടിൻ കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക്, കിണർനിർമ്മാണം, കിണർ റീചാർജ്ജിംഗ്, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് ഐഎവൈ ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അവിദഗ്ധ തൊഴിൽ പ്രവർത്തനം തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി. വരും വർഷങ്ങളിൽ താഴെ പറയുന്ന പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തികൊണ്ട് വിപുലമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – ആട്ടിൻ കൂട് നിർമ്മാണം**





കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്



തൊഴുത്ത്

1. വലിയ ചെരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകെ കയ്യാല നിർമ്മാണം(കൊണ്ടൂർ ബണ്ടിംഗ്), ചെരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കൊണ്ടൂർ ട്രഞ്ചസ്), കല്ല് കല്ലായ, കല്ല് കെട്ടിനെ കമ്പി കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി (ഗ്രാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം (അണ്ടർ ഗ്രൗണ്ട് ഡൈക്ക് , മൺതടയണകൾ എർത്തേൺ ഡാംസ്), തടയണകൾ സ്റ്റോപ്പ് ഡാംസ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴകൊയ്ത്തും.

2. വനസംരക്ഷണവും മരം വെച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും.

3. തെളിനീരൊഴുകും നവകേരളം – സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം കാമ്പയിന്റെ ഭാഗമായി ജല സ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങളും മലിനീകാരികളായ ഉറവിടങ്ങളും സംരക്ഷിക്കൽ.

4. നീരുറവ് പദ്ധതിയിലൂടെ സമഗ്ര നീർത്തട വികസന മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി പഞ്ചായത്തിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൽ ഏറ്റെടുത്ത് സുസ്ഥിര വികസന മാതൃകകൾ സൃഷ്ടിക്കൽ
5. പട്ടികജാതി പട്ടിക വിഭാഗത്തിൽ പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, എ.ഐ.വൈ ഗുണഭോക്താക്കൾ, 2008ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ.
6. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം.
7. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗ്യയോഗ്യമായ റോഡുകളുടെ നിർമ്മാണം.
8. വെർമി കമ്പോസ്റ്റ്. ദ്രവ ജൈവ വളങ്ങൾ ഉൽപാദിപ്പിക്കൽ തുടങ്ങിയവ. കാർഷിക സംബന്ധമായ പ്രവൃത്തികൾ.
9. കോഴിക്കൂട്, ആട്ടിൻകൂട്, കന്നുകാലികൾക്കുള്ള തൊഴുത്ത്. മത്സ്യക്കുളം എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക ഇനമായ അസോളയുടെ കൃഷി.
10. സോക്ക് പിറ്റ്, റിചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ.

## കുടുംബശ്രീ

ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 282 / 2003 നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അടാട്ട് ഗ്രാമപഞ്ചായത്ത് CDS നാളിതുവരെ നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. 18 വാർഡുകളിലായി 18 CDS മെമ്പർമാരുടെ നേതൃത്വത്തിൽ 11 അംഗങ്ങൾ ചേർന്ന് ADS കമ്മറ്റികളിലായി മുന്നോട്ടുപോകുന്നു. കൂടാതെ M F, ഉപജീവനം, സാമൂഹികം, അടിസ്ഥാനം, MGNREGS തുടങ്ങി 5 ഉപസമിതികളും CDS തല, ADSതല കൺവീനർമാരുമായി മാസാരംഭത്തിൽ യോഗം ചേർന്ന് റിപ്പോർട്ടുകൾ തയ്യാറാക്കി ഫലപ്രദമായ പ്രവർത്തനങ്ങൾ ഓരോ അയൽക്കൂട്ടങ്ങൾക്കും ലഭ്യമാക്കി വരുന്നു. നിലവിൽ 260 അയൽക്കൂട്ടങ്ങളിൽ 3951 അംഗങ്ങൾ ഉണ്ട്. ഇവ കൂടാതെ 2 PWD ( ഭിന്നശേഷിക്കാരുടെ രക്ഷിതാക്കളെ ഉൾപ്പെടുത്തി ) അയൽക്കൂട്ടത്തിൽമുപ്പത്തിമൂന്നും, മൂന്ന് വയോജന അയൽക്കൂട്ടത്തിൽ ഇരുപത്തി ഒൻപതും അംഗങ്ങൾ ഉണ്ട്.

അഗതി രഹിത കേരളം പദ്ധതി പ്രകാരം അംഗങ്ങളായിട്ടുള്ളവർക്ക് മാസംതോറും പോഷകാഹാരകിറ്റുകൾ ADS കൾ വഴി നൽകിപ്പോരുന്നു . ഇവരുടെ ഭവന പുനഃരുദ്ധാരണത്തിനായും പഞ്ചായത്ത് അനുവദിച്ച് ധനസഹായം നൽകിപ്പോരുന്നു.

അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് വായ്പാ പദ്ധതികളും ധനസഹായങ്ങളും അടാട്ട് കുടുംബശ്രീ CDS വഴി നൽകിയിട്ടുണ്ട്. അയൽക്കൂട്ട സമ്പാദ്യ സമാഹരണത്തിനായി അക്കൗണ്ട് എടുത്തിട്ടുള്ള ബാങ്കുകൾ ലിങ്കേജ് വായ്പയിനത്തിൽ 13 കോടിയോളം നിലവിലുണ്ട്. മുഖ്യമന്ത്രിയുടെ ധനസഹായഹസ്തത്തിന്റെ ഭാഗമായി പ്രളയകാലത്ത് പതിനഞ്ചോളം അയൽക്കൂട്ടത്തിന് 67 ലക്ഷം RKLS വായ്പയും, VRF ഉം നൽകി. കോവിഡ് മഹാമാരി കാലഘട്ടത്തിൽ 203 അയൽക്കൂട്ടത്തിന് CMLHS വായ്പ നൽകി തിരിച്ചടവ് നടന്നുവരുന്നു. ഇത്തരം ലോണുകൾ അപര്യാപ്തത ഒഴിവാക്കുവാനായി 4 തവണയായി KSBCDC യിൽ നിന്നും 25600000 ബൾക്ക് ലോണിനത്തിൽ നൽകി അയൽക്കൂട്ടങ്ങൾക്ക് സഹായകമായിട്ടുണ്ട്. വായ്പ സബ്സിഡി, മാച്ചിങ് ഗ്രാന്റ്, റിവോൾവിങ് ഫണ്ട് മുതലായ ധനസഹായം ജില്ലാമിഷൻ അനുവദിച്ചുനൽകുന്ന പ്രകാരം അർഹരായ അയൽക്കൂട്ടങ്ങൾക്ക് നൽകിയിട്ടുണ്ട്.

അയൽക്കൂട്ട അംഗങ്ങളുടെ സ്വയം പര്യാപ്തതയ്ക്കായി 62 വ്യക്തിഗത സംരംഭങ്ങളും 20 ഗ്രൂപ്പ് സംരംഭങ്ങളും 53 JLG കളും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 4 ആട്ടുവളർത്തൽ 3 peme , 13 വ്യക്തിഗത മുട്ടക്കോഴി സംരംഭവും 1 ഗ്രൂപ്പ് സംരംഭവും ഒരു മൂല്യവർദ്ധിത (വെണ്ണല ) ആയുഷ് മഷ്ട്ടും എന്ന കാർഷിക സംരംഭവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

വിപണന സൗകര്യത്തിനായി മാസച്ചന്തകളും , ഓണം , വിഷു എന്നിവയുമായി ബന്ധപ്പെട്ട് സ് പെഷ്യൽ ചന്തകളും നടത്തുന്നു . 2021 ജൂലൈ മുതൽ " അടുക്കള രുചി " എന്ന പേരിൽ ജനകീയ ഹോട്ടൽ പ്രവർത്തിച്ചു പോരുന്നുണ്ട്.

ലിംഗപദവി പ്രവർത്തനത്തിന്റെ ഭാഗമായി ജെന്റർ റിസോഴ്സ് സെന്റർ, സ്നേഹിത കോളിങ് ബെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. ബാലസഭ കുട്ടികൾക്കായി ബാല ലൈബ്രറിക്കായി പുസ്തകങ്ങൾ സമാഹരിച്ചുവരുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ഫാർമോഴ്സ് ഫെസിലിറ്റേഷൻ സെന്റർ (FFC) പ്രവർത്തിക്കുന്നു. 2 പ്ലാന്റ് നഴ്സറികളും 14 വാർഡുകളിലായി അഗ്രി ന്യൂട്രി ഗാർഡനും നിലവിലുണ്ട്. നിരവധി ബോധവത്ക്കരണക്ലാസുകൾ അയൽക്കൂട്ട അംഗങ്ങൾക്കായി നടത്തി വരുന്നു. എക്സൈസ് വകുപ്പിന്റെ വിമുക്തി, മഴക്കാലപൂർവ്വപ്രവർത്തനങ്ങൾ എന്നിവ അടുത്ത് കാലങ്ങളിൽ നടത്തിയ ക്ലാസുകളാണ്. തൊഴിലുറപ്പ് മാറ്റുമാരെയും, ഹരിതകർമ്മസേന അംഗങ്ങളെയും തിരഞ്ഞെടുത്തത് കുടുംബശ്രീയിൽ നിന്നാണ്. ഹരിതകർമ്മ സേനയുടെ വളർച്ചയ്ക്കും അംഗങ്ങളുടെ ഉപജീവനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

അടാട്ട് ഗ്രാമപഞ്ചായത്ത് ശ്രീമതി സിമി അജിത്കുമാറിന്റെയും ഭരണസമിതിയുടെയും സഹായഹസ്തങ്ങളോടെ അടാട്ട് ഗ്രാമപഞ്ചായത്ത് CDS നന്മയാർന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്.




## 2018 ലെ മഹാപ്രളയനാളുകളിലെ പ്രവർത്തനങ്ങൾ

അടാട്ട് ഗ്രാമപഞ്ചായത്തിലെ 5,6 ,7 ,12 ,13 ,17,18 വാർഡുകളെയാണ് 2018 ലെ മഹാപ്രളയം സാരമായി ബാധിച്ചത്. വിലങ്ങൻകുന്ന് ഭാഗങ്ങളിൽ ചെറിയ രീതിയിൽ മണ്ണിടിച്ചിലുമുണ്ടായി .ഈ വാർഡുകളിൽ നിന്നും പുറനാട്ടുകര ശ്രീരാമകൃഷ്ണ സ്കൂളുകളിലേയ്ക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കുകയും അവർക്കുവേണ്ടുന്ന വസ്തുങ്ങളും ഭക്ഷണവും നൽകുകയും ചെയ്തു .ദുരിതാശ്വാസ ക്യാമ്പ് രണ്ട് മാസത്തോളം പ്രവർത്തിച്ചിരുന്നു. ആരോഗ്യപ്രവർത്തകരുടെ സേവനവും ഉണ്ടായിരുന്നു.

### പ്രളയാനന്തര പ്രവർത്തനങ്ങൾ

പ്രളയത്തിനുശേഷം വീടുകൾ വൃത്തിയാക്കി ആളുകളെ വീടുകളിലേക്ക് തിരിച്ച് എത്തിക്കുകയും, വില്ലേജ് ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും ഒത്തുചേർന്ന് വീടുകൾ വൃത്തിയാക്കിയാണ് ആളുകളെ തിരിച്ച് വീടുകളിലേക്ക് അയച്ചത്. അതോടൊപ്പം വീടുകളിലേയ്ക്ക് അത്യാവശ്യമുള്ള പച്ചക്കറി പലചരക്ക് സാധനങ്ങളും വിതരണം ചെയ്യുകയുണ്ടായി. വീടുകൾക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കുകൾ വില്ലേജ് ഓഫീസ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

2019, 2020-2021 വർഷങ്ങളിൽ ചെട്ടിക്കുന്ന്, വിലങ്ങൻകുന്ന്, ചൂരക്കാട്ടുകര ഭാഗങ്ങളിൽ ചെറിയ തോതിൽ മണ്ണിടിച്ചിലും. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് പ്രശ്നങ്ങളും ഉണ്ടായി.

**കോവിഡ് മഹാമാരി സംബന്ധിച്ച് പഞ്ചായത്ത് നടത്തിയ പരിപാടികളുടെ പങ്ക്**

കോവിഡ് -19 പകർച്ചവ്യാധി മനുഷ്യരാശിക്ക് വളരെ ദോഷകരമായ പ്രതിസന്ധികൾ സൃഷ്ടിച്ചു. ചുരുങ്ങിയ കാലയളവിൽ തന്നെ ജനങ്ങളെ ദുരിതത്തിലാക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. വൈറസിനെ തുടക്കത്തിൽതന്നെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വൈറസ് വ്യാപനം ഉണ്ടായി. ആദ്യഘട്ടത്തിൽതന്നെ സർക്കാരിന്റെ Break The Chain പ്രോഗ്രാം വഴി വൈറസ് വ്യാപനം ഒരുവിധം തടയാൻ സാധിച്ചിട്ടുണ്ട്. സാമൂഹിക സന്നദ്ധ സംഘടനകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹാൻഡ് വാഷിംഗ് കോർണറുകൾ സ്ഥാപിച്ചു. 2021 ഏപ്രിൽ പകുതിയോട് കൂടി വൈറസ് വ്യാപനം കൂടുകയും അടാട്ട് ഗ്രാമ പഞ്ചായത്തിലെ നിരവധി പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

കോവിഡ് വൈറസ് ഭീഷണി ഒഴിവാക്കാൻ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പോലീസും പഞ്ചായത്തും ഒറ്റക്കെട്ടായി നിന്നു ബോധവൽക്കരണം നടത്തുകയും, പഞ്ചായത്ത് പൊതുസ്ഥലങ്ങളിൽ കോവിഡ് -19 പ്രോട്ടോകോൾ നടപ്പിലാക്കുകയും . കോവിഡ് വ്യാപനം കൂടുതലായ സ്ഥലങ്ങളിൽ കണ്ടെയിൻമെന്റ് സോണിൽ ഉൾപ്പെടുത്തി ജനങ്ങൾ തമ്മിലുള്ള സമ്പർക്കം കുറച്ചതുമൂലം കോവിഡ് 19 ന്റെ വ്യാപനം മുഴുവനായി തടയുവാനായി. ഏപ്രിൽ 28 കേരള ഗവൺമെന്റ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചു, ലോക്ഡൗൺ ജനങ്ങൾ തമ്മിലുള്ള സമ്പർക്കം തടഞ്ഞു. അടിയന്തിരമായ, ആരോഗ്യപരമായ ആവശ്യങ്ങൾക്ക് മാത്രം യാത്ര അനുവദിക്കുകയും മറ്റു അനാവശ്യ കാര്യങ്ങൾക്ക് യാത്ര ചെയ്യുന്നത് തടയുകയും ചെയ്തു.

ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, മരുന്ന്, പാൽ എന്നിവ ജനങ്ങളിലേക്കെത്തിക്കാൻ പഞ്ചായത്ത് തലത്തിൽ വോളണ്ടിയേഴ്സിനെ നിയമിച്ചു. പഞ്ചായത്തിൽ വാർഡ് തലത്തിൽ അറബി റെസ്പോൺസ് ടീം (RRT) രൂപീകരിച്ചു. RRT ടീമിൽ ആശാ വർക്കേഴ്സ്, അംഗൻവാടി ടീച്ചർമാർ ആരോഗ്യപ്രവർത്തകരും വോളന്റിയേഴ്സിന്റെ ഭാഗമായി. യുവതലമുറ കോവിഡ് വ്യാപനം തടയുന്നതിനു നേരിട്ട് മുന്നോട്ടു ഇറങ്ങിയതും RRT ടീമിന് സഹായകരമായി. കോവിഡ് വ്യാപനം കൂടിയ സാഹചര്യത്തിൽ ഡൊമിസൈൽ തുറക്കുകയും സ്വന്തം വീട്ടിൽ കോറന്റൈൻ സാഹചര്യമില്ലാത്ത ആളുകളെ DCC സെന്ററുകളിൽ പുനരധിവസിപ്പിക്കുകയും ചെയ്തു. IES COLLEGE OF ENGINEERING ചിറ്റിലപ്പിള്ളി ബോയ്സ് ഹോസ്റ്റൽ മെയ് 7 2021 ന DCC സെന്ററാക്കി. തുടക്കത്തിൽ തന്നെ ഡി സി സി

സെന്ററിൽ 30 പേർക്കു കോറന്റൈയിനിൽ ഇരിക്കാനുള്ള സൗകര്യം ഒരുക്കി. ഡി സി സി യുടെ പ്രവർത്തനത്തിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. എന്നാൽ പഞ്ചായത്തിൽ നിയമിച്ച വോളണ്ടിയേഴ്സിന്റെ സഹായത്തിൽ അതു പൂർണ്ണമായും പരിഹരിക്കുവാൻ സാധിച്ചു

പഞ്ചായത്ത് തലത്തിൽ നടന്ന മുഴുവൻ പ്രതിരോധ പരിപാടികളും ബഹുമാനപെട്ട MLA സേവ്യർ ചിറ്റിലപ്പിള്ളി മേൽനോട്ടത്തിൽ നടന്നു. വിദഗ്ധരുടെ അഭിപ്രായം ഉൾക്കൊള്ളുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പ്രസിഡണ്ട് സിമി അജിത്ത്കുമാർ, സെക്രട്ടറി ശ്രീ രമാദേവി, നോഡൽ ഓഫീസർ ശ്രീ ശശിധരൻ എന്നിവരെ കോവിഡ് പ്രതിരോധ പ്രവർത്തികൾ ക്രോഡികരിക്കുന്നതിനായി നിയമിച്ചു

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ലോക്ക്ഡൌണിൽ കോവിഡ് ബാധിതർക്കും അവരുടെ ബന്ധുക്കൾക്കും ഭക്ഷണം എത്തിക്കുന്നതിൽ തടസ്സം വന്നു. ഒറ്റയ്ക്കു താമസിക്കുന്നവർക്കും വിട്ടുമാറാതെ അസുഖം ബാധിച്ചവരും ഭക്ഷണം കിട്ടാത്ത അവസ്ഥ ഉണ്ടായി അവർക്കു ഭക്ഷണം എത്തിക്കുന്നതിന് വേണ്ടി 20 മെയ് 2021 ന കെ ആർ നാരായണൻ മെമ്മോറിയൽ ഹാളിൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു. കമ്മ്യൂണിറ്റി പാകംചെയ്ത ഭക്ഷണം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള വോളണ്ടിയേഴ്സ് മുഖാന്തിരം ആവശ്യക്കാരിലേക്ക് എത്തിക്കാൻ സാധിച്ചു.

ലോക്കഡൗണിൽ പകുതിയോടെ നമ്മുടെ ഓഫീസ് പകർച്ച ബാധിത പ്രദേശമായി എന്നാൽ ജനങ്ങളോടുള്ള കടമയും കർത്തവ്യവും നമ്മൾ നിറവേറ്റി..

കോവിഡ് കണക്കുകൾ

പോസിറ്റിവ് കേസുകൾ : 5161

മരണം : 58












ഡൊമിസെൽ സെന്ററിലേക്ക് ആവശ്യമായ സാമഗ്രികൾ വിവിധ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നു.

## 4. വിഭവ സ്രോതസ്സുകൾ

| പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | വിഭവ സ്രോതസ്സ് | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
| 1 | വികസനഫണ്ട് (ജനറൽ) | 7129000 | 7841900 | 8626090 | 9488699 | 10437569 |
| 2 | വികസനഫണ്ട് (എസ് .സി) | 3347000 | 3681700 | 4049870 | 4454857 | 4900343 |
| 3 | മെയിന്റനൻസ് (റോഡിതരം) | 5617000 | 6178700 | 6796570 | 7476227 | 8223850 |
| 4 | മെയിന്റനൻസ് ഫണ്ട് ( റോഡ് ) | 13056000 | 14361600 | 15797760 | 17377536 | 19115290 |
| 5 | തനത് ഫണ്ട് | 9710904 | 10681994 | 11750194 | 12925213 | 14217735 |
| 6 | പൊതുആവശ്യ ഫണ്ട് | 533500 | 560175 | 588184 | 617593 | 648473 |

## 5. വികസന മേഖല

പൈതൃക പ്രാധാന്യമുള്ള അമ്പലങ്ങൾ, കാവുകൾ എന്നിവ അവയുടെ ചരിത്ര പ്രാധാന്യവും ആർക്കിടെക്ചറൽ സ്വഭാവവും കണക്കാക്കി പരിപാലിക്കേണ്ടതാണ്.

എല്ലാ ജലാശയങ്ങളുടേയും വിസ്തൃതി മുൻപുള്ളതിനേക്കാൾ ചുരുങ്ങിയിട്ടുണ്ടെന്ന് വ്യക്തമാകുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള കുളങ്ങളും തോടുകളും വയലുകളുമടങ്ങുന്ന ആവാസ പരിരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിൽ നിലവിലുള്ള തോട്, കുളം, കനാൽ എന്നിവ കുടുംബശ്രീ, തൊഴിലുറപ്പപദ്ധതി, ത്രിതല പഞ്ചായത്ത് ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി സംരക്ഷിച്ച് ജലസേചന സൌകര്യം ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ മത്സ്യകൃഷിക്കും ഉപയുക്തമാക്കാവുന്നതാണ്. പായലുകൾ നീക്കം ചെയ്ത് ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കലും അവയുടെ പാരമ്പര്യ പ്രൗഢി നിലനിർത്തിക്കൊണ്ട് മോടി പിടിപ്പിക്കുകയും ചെയ്യണം. അടാട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വിവിധ വാർഡുകളിലായി ശോച്യാവസ്ഥയിൽ സ്ഥിതിചെയ്യുന്ന കുളങ്ങൾ ഇത്തരത്തിൽ ആഴം കൂട്ടി പാർശ്വഭിത്തികൾ പണിത്, പടവുകൾ നിർമ്മിച്ച്, മോടി പിടിപ്പിച്ച്, നീന്തൽക്കുളങ്ങളായി നവീകരിക്കേണ്ടതുണ്ട്.

2011 ലെ സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ ദശവർഷ ജനസംഖ്യ വളർച്ചാനിരക്ക് 17.04 ശതമാനമാണ്. ഇത് തൃശ്ശൂർ ജില്ലയുടെ ശരാശരി വളർച്ചാ നിരക്കിനേക്കാൾ കൂടുതലാണ്. തൃശ്ശൂർ നഗരത്തിൽ നിന്നും സമീപഗ്രാമമായ അടാട്ടേയ്ക്ക് ചെറിയതോതിൽ ജനങ്ങൾ കുടിയേറി പാർക്കുന്നുണ്ട് എന്നാണ് ഇതു കാണിക്കുന്നത്.. ജില്ലയിലെ എല്ലാ നഗരങ്ങളിലേക്കാൾ കൂടുതൽ ജനസംഖ്യ വളർച്ചാനിരക്ക് അടാട്ട് ഗ്രാമത്തിലുണ്ട്. ഇതേ തോതിലുള്ള വളർച്ചാനിരക്ക് സൂചിപ്പിക്കുന്നത് ഭാവിയിൽ അടാട്ട് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനസംഖ്യയിൽ വർദ്ധനവ് ഉണ്ടാവും എന്നാണ്. എല്ലാ ജനങ്ങൾക്കും സമാനമായ ജീവിത സൌകര്യങ്ങൾ നൽകുന്നതിനായി വേണ്ടിയുള്ള ആസൂത്രണ വികസനം അടാട്ട് പഞ്ചായത്തിന് ആവശ്യമാണ് എന്ന് ഈ കാണിക്കുന്നു.

നീർച്ചാലുകളും, പാടശേഖരങ്ങളും പോലെ പരിസ്ഥിതി പ്രാധാന്യമുള്ളവയെ സംരക്ഷിക്കുന്നതിനായും പ്രളയമുണ്ടായാൽ നഷ്ടമായേക്കാവുന്ന ഗതാഗത ശൃംഖലകൾക്കും രക്ഷാമാർഗ്ഗ ങ്ങൾക്കുമുള്ള ബദൽ സംവിധാനങ്ങളെന്ന നിലയിലും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും പ്രകൃതി ദുരന്ത (നിവാരണ) മുന്നറിയിപ്പ് സംവിധാനങ്ങൾ സജ്ജമാക്കേണ്ടതുമുണ്ട്. ജലാശയങ്ങൾക്കിരുവശവും Green buffa strip " രൂപപ്പെടുത്തുന്നത്

അനധികൃത കൈയ്യേറ്റം തടയുന്നതിന് സഹായകമാവുന്നതാണ് . ഉയർന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനും, ജലക്ഷാമം കുറയ്ക്കുന്നതിനുമായി മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യ മാണ്.

ആധുനിക മെഷിനറികൾ ഉപയോഗിച്ചുള്ള റൈസ് മില്ലായി ഈ സ്ഥാപനം നവീകരിക്കേണ്ടതുണ്ട് . പഞ്ചായത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രാദേശിക ഉത്പന്ന ങ്ങൾ ഉണ്ടാക്കുകയും വിപണനം നടത്തുകയും ചെയ്യേണ്ടതുണ്ട്. കാർഷിക മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായി നൂതന കാർഷിക സമ്പ്രദായങ്ങൾ സ്വീകരിക്കേണ്ടതുമുണ്ട്.പഞ്ചായത്തിലെ "കുളങ്ങൾ", "ചാലുകൾ", "തോടുകൾ" എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ, നെൽകൃഷിയുൾപ്പടെ മറ്റ് കൃഷികൾക്കും ജലസേചനം ഉറപ്പാക്കുവാൻ സാധിക്കുകയും, ഇത് കാർഷിക മേഖലയുടെ വികാസത്തിന് ഉപകരിക്കുകയും ചെയ്യുന്നതാണ് .

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. കാർഷിക മേഖലയിലെ വർദ്ധിച്ച ഉല്പാദനച്ചെലവും തൊഴിലാളി ദൌർലഭ്യവുംപരിഹരിക്കുന്നതിനും, തരിശു ഭൂമിയിൽ കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും, പഞ്ചായത്തിലെ ഇടപെടലിലൂടെ ജലസേചന സൗകര്യം മെച്ചപ്പെടുത്തി തരിശുഭൂമികൾ കൃഷിയോഗ്യമാക്കുകയും, വിപുലമായ വിപണന ശൃംഖല സക്രിയമാക്കുകയും ചെയ്യേണ്ടതുണ്ട് .

കുടുംബശ്രീ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി യൂണിറ്റിലേയ്ക്ക് ആധുനിക മെഷിനറികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കേണ്ടതുണ്ട്. വെളിച്ചെണ്ണ കൂടാതെ മറ്റ് കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പഞ്ചായത്തിന്റെ വായ്പാ ധനസഹായത്തോട് കൂടി ഇവിടെ ആരംഭിക്കേണ്ടതുണ്ട്. വയലുകളുടേയും തോടുകളുടേയും സാന്നിധ്യം താറാവ് വളർത്തലിനും ഉള്ള സാധ്യതയാണ് കാണിക്കുന്നത്. അനുയോജ്യമായ ഘടകങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ പുഷ്ടിപ്പെടുത്താനുള്ള മേഖലകളിലൊന്നായി മൃഗസംരക്ഷണ മേഖല കാർഷിക മേഖലയുമനുബന്ധമായി വരേണ്ടതുണ്ട്. അടാട്ട് ഗ്രാമപഞ്ചായത്തിൽ നെൽകൃഷിക്കും കരകൃഷിക്കും പ്രാമുഖ്യമുള്ളതിനാൽ കാർഷിക അനുബന്ധ മേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുപോലുള്ള കാർഷികാനുബന്ധമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് വ്യവസായ രംഗം

പുഷ്ടിപ്പെടുത്തുന്നതിന് സാധ്യതയേറെയാണ്. കൃഷി, മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ഇവിടെ തുടങ്ങാവുന്നതാണ്. സംസ്ഥാന പാത, സമീപത്തുകിടക്കുന്ന തൃശ്ശൂർ കോർപ്പറേഷൻ എന്നിവയുടെ സ്വാധീനത്താൽ വിപണന രംഗം മെച്ചപ്പെടുത്തുവാനുള്ള അനന്ത സാദ്ധ്യതകൾ അടാട്ടിനുണ്ട്. കൂടാതെ അഭ്യസ്തവിദ്യരായ യുവതലമുറയെ സാങ്കേതിക പരിജ്ഞാനത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും വ്യവസായ രംഗത്തേക്ക് പ്രവേശിപ്പിച്ച് തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതുമാണ്.

അടാട്ടിലെ മൃഗാശുപത്രിയിൽ ചികിത്സക്ക് വിധേയമാകുന്ന മൃഗങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ച് വരുന്നുണ്ട്. പശു, ആട്, കോഴി, താറാവ് തുടങ്ങിയവയെ ചെറിയ തോതിലും, കൂട്ടായും വളർത്തുന്നതിനാവശ്യമായ സാഹചര്യം അടാട്ടിലുണ്ട്. ഭാവിയിൽ ഉണ്ടാവുന്ന വർദ്ധനവിനനുസരിച്ച് ചികിത്സാ സൌകര്യങ്ങൾ കൂട്ടേണ്ടതായും, കെട്ടിടങ്ങൾ നവീകരിക്കേണ്ടതായും, ലബോറട്ടറി സൗകര്യം ഏർപ്പെടുത്തേണ്ടതായും കാണുന്നു. ആധുനിക രീതിയിൽ ശാസ്ത്രീയമായി സജ്ജീകരിച്ച അറവുശാലകൾ ആരംഭിക്കേണ്ടത് ആവശ്യമാണ് .

അടാട്ട് പഞ്ചായത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളുടെ സമഗ്ര വികസന ത്തിനുതകുന്ന രീതിയിൽ മെച്ചപ്പെട്ട പ്രാദേശിക ഗതാഗത ശൃംഖല ആവിഷ്കരിക്കേണ്ടതുണ്ട്.

സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം എന്നിങ്ങനെ പ്രാദേശിക അസംസ്കൃത വസ്തുക്കളുടെ ഉപയോഗത്തിന് പ്രാമുഖ്യം നൽകാവുന്നതാണ്. നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിച്ച് ഘട്ടം ഘട്ടമായി ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതാണ്. വെള്ളം ഒഴുകി പോകുന്നതിനുള്ള കാനകളുടെ അഭാവം പരിഹരിക്കേണ്ടതാണ്. കാൽനട യാത്രക്കാർ, സൈക്കിൾ യാത്രക്കാർ എന്നിവരുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഗതാഗത സംവിധാനത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. അമല ജംഗ്ഷനിൽ - Round about ഉം Bus bay യും നിർമ്മിച്ച് ഗതാഗതം ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. മുതുവറ ജംഗ്ഷനിൽ Bus bay ഉം Foot path ഉം നിർമ്മിക്കേണ്ടതുണ്ട്. SH, MDR, പഞ്ചായത്ത് റോഡുകൾ എന്നിവയുടെ സൌന്ദര്യവത്ക്കരണത്തിനും ചൂടിനെ പ്രതിരോധിക്കുന്നതിനുമായി റോഡിന്റെ ഇരുവശങ്ങളിലും സ്ഥല ലഭ്യത അനുസരിച്ച് മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും ഭൌതിക സാഹചര്യം തൃപ്തികരവും സാമാന്യം മെച്ചപ്പെട്ടതുമാണ്. എന്നിരുന്നാലും വിദ്യാലയങ്ങളിൽ ആധുനിക ഭൌതിക

സാഹചര്യങ്ങൾ ഇനിയും ഉയർത്തേണ്ടത് അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസരംഗം പൂർണ്ണമായും സ്വകാര്യ ഉടമസ്ഥതയിൽ ആണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ ഈ മേഖലയിൽ സർക്കാർ സംരംഭങ്ങൾ തുടങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ സർക്കാർ ഉടമസ്ഥതയിൽ ഉള്ള അടാട്ട് എൽ.പി സ്കൂൾ, ചൂരക്കാട്ടുകര യു.പി സ്കൂൾ എന്നിവ പന്ത്രണ്ടാം തരത്തിലേയ്ക്ക് ഉയർത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളെ പരിപാലിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനുമായി സർക്കാർ ഉടമസ്ഥതയിലോ, സ്വകാര്യ - സർക്കാർ പങ്കാളിത്തത്തോടെയോ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വരേണ്ടതുണ്ട്. അംഗൻവാടികൾ എല്ലാം തന്നെ ശിശു സൌഹൃദമായ വിശാലമായ ക്ലാസ് അകത്തും പുറത്തും കളിക്കാനുള്ള സ്ഥലം, ക്രിയേറ്റീവ് സോൺ, ആധുനിക അടുക്കള, ഭക്ഷണം കഴിക്കാനുള്ള പ്രത്യേക ഇടം, മുതിർന്നവർക്കും കുട്ടികൾക്കും വെവ്വേറെയായി പ്രാഥമിക സൌകര്യത്തിനുള്ള മുറികൾ തുടങ്ങിയ സൌകര്യങ്ങളോടു കൂടിയ സ്മാർട്ട് അംഗൻവാടിയായി നവീകരിക്കേണ്ടതാണ്.

ജീവനക്കാരുടെ അഭാവം പരിഹരിച്ച് കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുകയും, സ്ഥല സൌകര്യവും, ആസ്ത്മാ ക്ലിനിക്, കിടത്തി ചികിത്സക്കുള്ള സൌകര്യവും, കാൻറീൻ, പാർക്കിംഗ് പ്ലാസകൾ എന്നീ അനുബന്ധ ഉപയോഗങ്ങളോടു കൂടി വിപുലീകരിക്കേണ്ടതാണ്. നിലവിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഹോമിയോ ആശുപത്രികളെ ആധുനീകരിച്ച് മതിയായ അടിസ്ഥാന സൌകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതുണ്ട് . അടാട്ട് പഞ്ചായത്തിലെ വാർഡ് 2 ൽ സർവ്വേ നമ്പർ 17 ൽ സ്വകാര്യ ഉടമസ്ഥതയിൽ പണിത വൈദ്യ മന്ദിരവും അനുബന്ധ കെട്ടിടങ്ങളും തീർത്തും പ്രവർത്തനരഹിതമാണ്. അവ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിക്കുകയും ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

കിണർ വെള്ളത്തെ ആശ്രയിച്ചാണ് ജനജീവിതം മുന്നോട്ട് പോകുന്നതെങ്കിലും കേരള ജല അതോറിറ്റിയുടെ വാട്ടർ കണക്ഷനുകൾ കൂടുതൽ വീടുകളിലേയ്ക്ക് എത്തിക്കുന്നതിലൂടെ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുവാൻ സാധിക്കും. ജലക്ഷാമം നേരിടുന്ന വാർഡുകളിൽ ജലവിതരണത്തിന് പ്രത്യേക പദ്ധതി ആവശ്യമാണ്. നിലവിലുള്ള ജലപദ്ധതികൾ ശാസ്ത്രീയമായ വിധത്തിൽ പുനഃക്രമീകരിക്കുന്നതിന് വേണ്ട നടപടികളും ആവശ്യമായി കാണുന്നു.

അടാട്ടിലെ വഴിയോര കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധികളും സംരക്ഷിക്കുന്നതിനായി പ്രത്യേക തെരുവോര ചന്തകൾ നിർമ്മിക്കുകയും വ്യത്യസ്തങ്ങളായ ഉൽപ്പന്നങ്ങൾ വിൽക്കുന്ന എല്ലാ തെരുവ് കച്ചവടക്കാരെയും അവർക്കാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ നിരവധി ആളുകൾക്ക് അവരുടെ തൊഴിൽ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അവസരമൊരുങ്ങും. അടാട്ട് പഞ്ചായത്തിൽ നിലവിൽ സ്വകാര്യ (പള്ളിയുടെ) ഉടമസ്ഥതയിൽ മത്സ്യ മാംസ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. അതിനടുത്തായി സർവ്വേ നമ്പർ 15ൽ പച്ചക്കറിമാർക്കറ്റ് വിഭവനം ചെയ്യുന്നു. പഞ്ചായത്ത് തലത്തിലുള്ള മാർക്കറ്റ്, പാർക്കിംഗ് ലഭ്യത കുറവ് പഞ്ചായത്ത് തലത്തിൽ പരിഹരിക്കൽ, വാണിജ്യ മേഖലകളിലും മതിയായ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കൽ. കാർഷിക ഉത്പന്നങ്ങൾ, കാർഷികാനുബന്ധ ഉല്പന്നങ്ങൾ, കുടിൽ വ്യവസായ വൈവിധ്യവത്കരണ ഉല്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാണിജ്യ വിപണന കേന്ദ്രങ്ങൾ ആരംഭിക്കൽ എന്നിവ നടത്തി അടാട്ട് ഗ്രാമ പഞ്ചായത്തിൻറെ പ്രാദേശിക സാമൂഹ്യ സാമ്പത്തിക വികസനത്തെ പരിപോഷിപ്പിക്കേണ്ടതുണ്ട്.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ ദാരിദ്രലഘൂകരണം ഒരു പരിധി വരെ സാധ്യമാവുന്നതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ അടിസ്ഥാന സൌകര്യങ്ങൾ (ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം ) ഉറപ്പാക്കേണ്ടതുണ്ട്. അടാട്ട് പഞ്ചായത്തിൽ വനിതാ പദ്ധതികൾ രൂപീകരിക്കുകയും, യുവാക്കൾക്കും, വനിതകൾക്കും തൊഴിൽ പരിശീലനം ലഭ്യമാക്കി സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ചെറുകിട വ്യവസായ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി ഉല്പന്നങ്ങളുടെ വിപണനത്തിനും സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. അടാട്ടിലെ മുഴുവൻ ജനങ്ങൾക്കും സാമൂഹിക/ഭൗതിക-സാമ്പത്തിക പശ്ചാത്തല സൗകര്യലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

ഹരിജൻ കോളനികളിലെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകതയാണ് കാണുന്നത്. കോളനി നിവാസികൾക്കെല്ലാം വാസയോഗ്യമായ ഭവനങ്ങളും അടിസ്ഥാന സൌകര്യങ്ങളും ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. പാർപ്പിട മേഖലയിൽ പൊതുവായി നിലനിൽക്കുന്ന വൈദ്യുതി, കുടിവെള്ളം, സാനിറ്റേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, ദുർബല വിഭാഗങ്ങളുടെ വീടുകളുടെ നിലവാരമില്ലായ്മ,

മതിയായ കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ അഭാവം എന്നിവയും പരിഹരിക്കപ്പെടേണ്ടതുണ്ട്.

പരിസ്ഥിതിയ്ക്കു വിഘാതമാവാത്ത രീതിയിൽ വിലങ്ങൻ കുന്ന് വിനോദ സഞ്ചാര മേഖല നവീകരിക്കുകയും, അടാട്ട് കുന്നിൽ Eco tourism ആസൂത്രണം ചെയ്യാവുന്നതുമാണ്. വിലങ്ങൻ കുന്നിലേക്കുള്ള റോഡിൻറെ ശോച്യാവസ്ഥ പരിഹരിച്ച് റോഡിന്റെ വശങ്ങളിലായി തെരുവ് വിളക്കുകളും വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങളും Wooden Guard Rails എന്നിവ ഒരുക്കാവു ന്നതാണ്. (കൈയ്യേറ്റം ഒഴിവാക്കാനാകും). അടാട്ട് കുന്ന് നിലവിൽ സ്വകാര്യ ഉടമസ്ഥതയിലാണ്. ഇക്കോ ടൂറിസത്തിന് വളരെ സാധ്യതയുള്ള പ്രദേശമാണ്. പ്രകൃതി ദൃശ്യഭംഗി ആസ്വദിക്കാൻ സാധിക്കുന്ന ഒരു സ്ഥലമായതു കൊണ്ടുതന്നെ ടൂറിസം വികസിപ്പിച്ചെടുത്താൽ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാകും. അടാട്ട് കുന്നിന് പുറകവശത്തായി പഞ്ചായത്തിൻറെ ഉടമസ്ഥതയിൽ ഗ്രൗണ്ട് നിലനിൽക്കുന്നുണ്ട്. നല്ലൊരു പാർക്കും ഇവിടെ വിഭാവനം ചെയ്യാവുന്നതാണ്. വിനോദ സഞ്ചാര മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാമുഖ്യം നല്കുന്ന ഒരു പഞ്ചായത്തായി അടാട്ടിനെ രൂപപ്പെടുത്താവുന്നതാണ്. വിശാലമായ കോൾ പാടങ്ങളുടെ സാന്നിധ്യവും മനോഹരമായ പ്രകൃതി ദൃശ്യങ്ങളും അടാട്ടിന്റെ മുതൽക്കൂട്ടാണ്.

Eco tourism, Kole circult tourism എന്നിവയുടെ ഭാഗമായി വിലങ്ങൻ കുന്നിന് പുറമേ പ്രകൃതിസുന്ദരമായ അടാട്ട് കുന്ന്, ബോട്ടിങ്ങിനായി ഒട്ടേറെ വിനോദസഞ്ചാരികളെ ആകർഷിച്ചിരുന്ന പുഴയ്ക്കൽ റിവർ ടൂറിസം മേഖല , ആമ്പക്കാട് , കണ്ണിക്കുളം പാടം തുടങ്ങി വിസ്തൃതമായ കോൾ പാടശേഖര ശൃംഖല, മുള്ളൂർക്കായൽ, ചിറ്റിലപ്പിള്ളി കിഴക്കുമുറിയിലെ മിനി റിസോർട്ട് എന്നിവയുമായി യോജിപ്പിച്ച്. കൊണ്ടുള്ള പ്രകൃതി സൗഹാർദ്ദപരമായ ഉൾക്കാഴ്ചയോടെയുള്ള മികച്ച സൗകര്യങ്ങൾ, ടൂറിസം സർക്യൂട്ട് പാക്കേജുകൾ എന്നിവ ഒരുക്കുവാനായാൽ മലനാടിന്റെയും ഇടനാടിന്റെയും സമ്മിശ്ര സൗന്ദര്യം വേണ്ടുവോളമുള്ളതും നഗരത്തോട് ചേർന്നുകിടക്കുന്നതുമായ അടാട്ട് ഗ്രാമപഞ്ചായത്തിന് ടൂറിസം മേഖലയിൽ അനന്തമായ സാദ്ധ്യതകളാണുള്ളത്. മേൽപ്പറഞ്ഞ വിനോദ സഞ്ചാര മേഖലകളിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകാർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, പാർക്കിങ്ങ്, താമസം, ഭക്ഷണം എന്നിവയിലുള്ള പോരായ്മകൾ പരിഹരിച്ച് അടാട്ട് ഗ്രാമത്തെ ഒരു വിനോദസഞ്ചാര ഇടത്താവളമാക്കാവുന്നതാണ്. സൈക്കിൾ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖരത്തിലെ ബണ്ടുകളിലൂടെ സൈക്കിൾ ടൂർ സവാരി

നടത്തുവാനുള്ള കൂടുതൽ സൗകര്യങ്ങൾ, പോയിന്റുകളുടെ പേര്, പ്രാധാന്യം, ദിശാസൂചിക എന്നിവ കാണിക്കുന്ന ബോർഡുകൾ ഒരുക്കാവുന്നതാണ് . സീസണൽ ടൂറിസം ആയതിനാൽ കരകൗശല വസ്തു വിൽപ്പനശാലകളും ഒരുക്കി കരകൗശല വില്പനശാലകളും കർഷകർക്ക് ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യവും ഒരുക്കാവുന്നതാണ്. അങ്ങിനെ അടാട്ടിലെ ഗ്രാമീണർക്ക് തൊഴിൽ സാധ്യത ഉറപ്പ വരുത്തുവാനാകും.

സ്വന്തം മാലിന്യ സ്വന്തം ഉത്തരവാദിത്വം എന്ന അവബോധം ജനങ്ങളിൽ സൃഷ്ടിച്ചെടുക്കുന്നത് വഴി മാത്രമേ പൊതു ഇടങ്ങളിലെ അശാസ്ത്രീയ മാലിന്യ നിക്ഷേപം പരിഹരിക്കാനാവുകയുള്ളൂ. പാരിക്കാട് മാലിന്യ സംസ്കരണ പ്ലാന്റ് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നവീകരിക്കേണ്ടത് അത്യാവശ്യമാണ്. പ്രദേശത്തെ റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ( Shredded plastic from Parikkad plant ) ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുവാൻ സഹായിക്കും.

പഞ്ചായത്തിൽ വാർഡ് 18 ൽ സർവ്വേ നമ്പർ 95 ൽ "ശാന്തി വനം" എന്ന പൊതു ശ്മശാനം നിലനിൽക്കുന്നുണ്ട്. വിറക് ഉപയോഗിച്ചാണ് ശ്മശാനം പ്രവർത്തിക്കുന്നത്. അത് ഇലക്ട്രിക്കൽ ക്രിമിറ്റോറിയം ആയി ആധുനികവൽക്കരിക്കേണ്ടതുണ്ട്.

# 6. പതിനാലാം പഞ്ചവത്സര പദ്ധതി

## പൊതുഭരണവും ധനകാര്യവും

1. ഭരണസിരാകേന്ദ്രമായ പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.
2. ഇന്ന് പ്രവർത്തിക്കുന്ന മൃഗാശുപത്രി സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം annexure building പണിയുന്നതിന് ശുപാർശ ചെയ്യുന്നു. പഞ്ചായത്ത് ഓഫീസ് എക്സ്റ്റൻഷൻ പദ്ധതി.
3. പഞ്ചായത്ത് ഓഫീസിൽ സമ്പൂർണ്ണ കംപ്യൂട്ടർ വത്ക്കരണ പദ്ധതി.
4. പഞ്ചായത്ത് ഓഫീസിൽ വരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കുന്ന പദ്ധതി.
5. പഞ്ചായത്ത് ഓഫീസിൽ റെക്കോർഡ് റൂം അനുബന്ധ സൗകര്യം ഒരുക്കുന്ന പദ്ധതി.
6. അക്ഷയകേന്ദ്രത്തിലൂടെ വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് (Pension, Birth and Death, Permit മുതലായവ) Front office പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നു. ഫ്രണ്ട് ഓഫീസ് ഡിജിറ്റൽ സംവിധാനം ഒരുക്കുന്ന പദ്ധതി.
7. വാർഡ് തല സമിതി സമയബന്ധിതമായി ചേരണം.
8. വാർഡുകളിൽ ഗ്രാമ സേവ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.
9. കൃഷി ഭവന് പുതിയ കെട്ടിടം നിർമ്മിക്കൽ
10. ഫയലുകളുടെ ഡിജിറ്റലൈസേഷൻ ഒരുക്കുന്ന പദ്ധതി.
11. ഗ്രാമ സഭകളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിംഗ് ഫീ അനുവദിക്കുന്ന പദ്ധതി
12. ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം
13. പഞ്ചായത്ത് വെബ് സൈറ്റിൽ പഞ്ചായത്ത് പ്രവർത്തനങ്ങൾ അതാത് സമയത്തിന് തന്നെ പ്രസിദ്ധീകരിക്കുക
14. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ സൗജന്യ വൈ ഫൈ സംവിധാനം ഒരുക്കുന്ന പദ്ധതി.
15. പുറനാട്ടുകര വില്ലേജ് ഓഫീസ് ഉൾപ്പെടുത്തണം
16. പൊതുജനങ്ങളുടെ ഫയലുകളും പരാതികളും അറിയുന്നതിന് കിയോസ്ക് സ്ഥാപിക്കണം

## കൃഷി, മത്സ്യ ബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം

1. സമഗ്ര കാർഷിക വികസന പദ്ധതി
2. കരുടാൻ ആകറ്റാൻ പടവ് കുടിവെള്ള പദ്ധതി.
3. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി നടപ്പിലാക്കണം
4. നെൽകൃഷിക്ക് നെൽ വിത്ത് പൂർണ്ണമായും സബ്സിഡിയിൽ നൽകണം.
5. ട്രൈക്കോകാർഡ് സബ്സിഡിയിൽ വിതരണം ചെയ്യണം
6. കട്ടകുഴികളും നവീകരണവും സൈഡ് ചാൽ കെട്ടി സംരക്ഷിക്കുകയും വേണം 200m
7. പുളുർകരിക്ക പടവിൽ ചാൽ ആഴം കൂട്ടി സൈഡ് കെട്ടണം
8. അന്തിലം കാവ് അടാട്ട് റോഡ് മണ്ണിട്ട് സൈഡ് കെട്ടി സംരക്ഷണം
9. ഒരു കോടി ഫല വൃക്ഷതൈ വിതരണം സബ്സിഡി വേണം
10. തെങ്ങിന് ജൈവവളം സബ്സിഡിയിൽ നൽകണം.
11. ഈറ്റക്കുളം നവീകരിച്ച് മത്സ്യകൃഷിക്ക് അനുയോജ്യമാക്കണം
12. മുതുവറ പാടത്ത് മോട്ടോർ ഷെഡ് കെട്ടണം.
13. കരിക്കകോളിൽ റയിൽവേയുടെ മറുവശത്ത് പത്ത് ഏക്കർ മത്സ്യകൃഷി നടപ്പിലാക്കണം
14. തൊഴിലുറപ്പ് പറമ്പുകളിൽ പണിയുന്നതിനു പകരം സീസൺ തുടങ്ങിയാൽ കോൾ നിലങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കണം
15. കറ്റൂർപാറ 51 വരെയുള്ള ബണ്ട് റോഡ് നവീകരിച്ച് ഗതാഗത യോഗ്യമാക്കണം.
16. ചാത്തൻകോൾ പടവിൽ കാടചാൽ നവീകരണം.
17. കോൾനിലങ്ങൾ തോട്ടുകൾ എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുകയും അതുവഴി നെൽകൃഷിക്കാർക്ക് അധിക വരുമാനം ലഭ്യമാക്കുകയും ചെയ്യുക.
18. സമഗ്ര തെങ്ങുകൃഷി വികസനം പദ്ധതി, നിലവിലെ കുളങ്ങളിലും കൃത്രിമ കുളങ്ങളിലും ബയോ ഫ്ലേക്ക് പോലെയുള്ള ആധുനിക ശാസ്ത്രീയ മാതൃകകളിൽ ഒരു വരുമാനമെന്ന നിലയിൽ മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. കാർഷിക മേഖലയിൽ ഹൈടെക്ക് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മത്സ്യ കൃഷി പ്രോത്സാഹന പദ്ധതി.

19. സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതി ( DXT പ്രോത്സാഹനം, ശാസ്ത്രീയമായ കൃഷിരീതി പ്രോത്സാഹിപ്പിക്കൽ, തെങ്ങുകയറ്റവും തേങ്ങ സംഭരണവും നടത്തും)
20. കാർഷിക മേഖലയിൽ ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കൽ, വെർട്ടിക്കൽ ഫാമിങ്, ടെറസ്സ് കൾട്ടിവേഷൻ, ഗ്രീൻഹൗസ്, റെയിൻ ഷെൽട്ടർ)
21. KHDPC സഹകരിച്ച് പൊതു കാർഷിക വിപണി തുറക്കൽ
22. തരിശുഭൂമി കൃഷിയോഗ്യമാക്കൽ നെൽവിത്ത് സൗജന്യമായി നൽകൽ
23. ആധുനിക കൃഷിഭവൻ നിർമ്മാണം.
24. വാർഡ് തല പച്ചക്കറി കൃഷി വികസനം.
25. കർഷകത്തൊഴിലാളികളെ തൊഴിൽ സേന കാർഷിക മേഖലയിൽ ഉപയോഗിക്കാം
26. മോണിറ്ററിംഗ് കമ്മിറ്റിയെ പദ്ധതിയിലുൾപ്പെടുത്തി പോകണം
27. അന്തിലംകാവ് - അടാട്ട് റോഡ് സംയുക്ത പദ്ധതിയോ മറ്റു ഫണ്ടുകൾ ഉപയോഗിക്കാൻ ശ്രമിക്കണം
28. മുല്ലപ്പൂതടം കുളം നവീകരണം

<u>മൃഗസംരക്ഷണം</u>

1. തരിശുനിലങ്ങളിൽ തീറ്റപ്പുല്ല് വളർത്തൽ പ്രോത്സാഹന പദ്ധതി
2. പശു വീണു കഴിഞ്ഞാൽ പശുവിനെ പൊക്കി നിർത്താൻ ഓരോ സ്റ്റാൻഡ് 2 പദ്ധതി
3. മൃഗാശുപത്രിയിൽ ജീവനക്കാർക്ക് ഒരു വാഹനം വാങ്ങുന്നതിനുള്ള പദ്ധതി.
4. ചാണകം പൊടിക്കുന്ന മെഷീൻ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകണം.
5. തൊഴുത്ത്, ആട്ടിൻ കൂട് വൃത്തിയാക്കൽ ആവശ്യമായ പ്രഷർ വാഷർ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി
6. തൊഴുത്തിൽ വിരിക്കാൻ റബർ മാറ്റ് സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി
7. പശുകുട്ടികൾക്കുള്ള തീറ്റ നൽകേണ്ട സമയത്ത് നൽകാൻ ശ്രദ്ധിക്കുക. വർഷത്തിലൊരിക്കൽ എന്നത് മാറ്റി മൂന്നുമാസത്തിലൊരിക്കൽ ആക്കുക.
8. മൃഗാശുപത്രിയിലെ സാധനസാമഗ്രികൾ നവീകരിക്കുന്ന പദ്ധതി.
9. മരുന്നുകൾ വാങ്ങുവാൻ 3.5 ലക്ഷത്തിൽ നിന്ന് 5 ലക്ഷം രൂപ നൽകുക
10. കുളമ്പുരോഗ പ്രതിരോധ മരുന്നുകൾ ഉറപ്പാക്കുക.

11. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ശ്രമിക്കണം. ക്ഷീരകർഷകരുടെ വീട്ടുകളിൽ ചാണകത്തിൽ നിന്നും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സബ്സിഡി നിരക്കിൽ ബയോഗ്യാസ് പ്ലാന്റ് നൽകുന്ന പദ്ധതി.
12. ചിറ്റിലപ്പിള്ളി വെറ്റിനറി സബ് സെന്റർ മെയിന്റനൻസ് നടത്തുക
13. കറവപശുവിന്റെ തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി
14. ക്ഷീര സംഘത്തിലെ സെക്രട്ടറിമാരെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം
15. മുട്ടക്കോഴി വിതരണ പദ്ധതിയിൽ കൂടുതൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുക.
16. ആടുവളർത്തലിനുള്ള പദ്ധതിയിൽ കൂടുതൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുക.
17. മൃഗസംരക്ഷണ മേഖലയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഓരോ കുടുംബത്തിനും വരുമാനം ഉറപ്പാക്കുക.
18. മൃഗ സംരക്ഷണത്തിലൂടെ ഓരോ കുടുംബത്തിനും വരുമാനം ഉറപ്പാക്കുന്ന പദ്ധതി (ആട് , പശു പോത്ത് എന്നിവയെ വളർത്തുന്നതിനും, പരിപാലിക്കുന്നതിനുമുള്ള പിന്തുണ സംവിധാനം കന്നുകുട്ടി പരിപാലന പദ്ധതി.
19. മുട്ടക്കോഴി വളർത്തൽ
20. തീറ്റപ്പുല്ല് സബ്സിഡി നൽകുന്ന പദ്ധതി
21. ആട്ടു വളർത്തൽ
22. പശു വളർത്തൽ.
23. വളർത്തുമൃഗങ്ങളെ ശുശ്രൂഷയ്ക്കു സംവിധാനമുണ്ടാകണം ലൈസൻസ് വേണ്ട മൃഗങ്ങളെ സംരക്ഷിക്കണം
24. തെരുവുനായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പദ്ധതി

**പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലയാവ**

1. വനിതകളുടെ ഗ്രൂപ്പുകൾക്ക് സോപ്പ്, ഹാൻഡ് വാഷ് മുതലായ ഉത്പന്നങ്ങൾ നിർമിച്ച വിപണനം നടത്തുന്നതിന് ഗ്രൂപ്പുകൾ
2. നിരവധി വനിതകൾ ടൈലറിങ് , ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം മുതലായവയുമായി ബന്ധപ്പെട്ട് പരിശീലനം നേടിയിട്ടുണ്ട്. ഇവരുടെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനു വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി.

3. പാൽ പാലുല്പന്നങ്ങൾ നിർമ്മാണവുമായി ബന്ധപ്പെട്ട് വനിതകൾക്കും യുവാക്കൾക്കും തൊഴിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി
4. കരകൗശല വസ്തുക്കളുടെ നിർമ്മാണം വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ധനസഹായം നൽകുന്ന പദ്ധതി.
5. അടാട്ട് പഞ്ചായത്തിലെ വിവിധ സംരംഭങ്ങൾ ഉത്പാദിപ്പിക്കുന്ന വിവിധ തരം ഉത്പന്നങ്ങൾ ഒരുമിച്ച് വിപണനം നടത്തുന്നതിന് മുഖവറയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൗകര്യം ഏർപ്പാടാക്കുക ഗുണമേൻമ ഉള്ളതും കലർപ്പില്ലാത്തതുംമായ ഉൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനു ഇതുവഴി സാധിക്കുന്നു.
6. പട്ടികജാതി യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇരുചക്രവാഹനങ്ങൾ സബ്സിഡി വ്യവസ്ഥയിൽ നൽകുക
7. ഡ്രൈവിംഗ് ലൈസൻസും, ബാഡ്ജ് മുതലായവയുള്ള വനിതകൾക്ക് സ്വയംതൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക
8. കുടുംബശ്രീ സ്വയംതൊഴിൽ സംരംഭകർക്കായി വനിതാ കാന്റീൻ ആരംഭിക്കുന്നതിനു ധനസഹായം നൽകുക.
9. വിവിധതരം തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ ചെയ്യുന്നതിനും വിദഗ്ദ തൊഴിലാളികളെ ലഭ്യമാക്കുന്നതിനും ലേബർബാങ്ക് സംവിധാനം ഒരുക്കുന്നപദ്ധതി .
10. PSC സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നൽകുന്നതിനുള്ള പദ്ധതി
11. കോൾനിലങ്ങൾ , തോട്ടുകൾ എന്നിവ ഉൾപ്പെടുത്തി ഫാം ടൂറിസം പദ്ധതി നടപ്പിലാക്കി നെൽകർഷകർക്ക് അധികവരുമാനം.
12. വിവിധ തരം തൊഴിൽ ചെയ്യുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനും വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിനും ലേബർ ബാങ്ക് സംവിധാനം.
13. നിലവിൽ കുളങ്ങളിലും കൃത്രിമ കുളങ്ങളിലും ബയോഫ്ളോക്ക് പോലുള്ള ആധുനിക ശാസ്ത്രീയ മാർഗങ്ങളിലൂടെ മത്സ്യം വളർത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുള്ള പദ്ധതി.
14. വിവിധ പദ്ധതികൾ വഴി 1000 പേർക്ക് തൊഴിൽ (കാർഷിക മേഖലയിൽ ഉൽപ്പന്ന വൈവിധ്യവൽക്കരണം).